

# ഖബ്ർ കെട്ടി ഉയർത്തൽ

## ഇസ്ലാമിക വീക്ഷണത്തിൽ


തയ്യാറാക്കിയത്
അനസ് നദീരി

## ഉള്ളടക്കം


- ആമുഖം
- നബി ﷺ ഖബ്റുകൾ കെട്ടി ഉയർത്തുന്നത് വിലക്കി.
- ഉയർന്നു നിൽക്കുന്ന ഖബ്റുകൾ നിരപ്പാക്കാനും റസൂൽ ﷺ കൽപ്പിച്ചു.
- സ്വഹാബത്തിന്റെ നിലപാട്
- അന്നേ ദിവസം ദീനാകാത്തതൊന്നും ഇന്നും ദീനാവുകയില്ല.
- ശിർക്കിലേക്കുള്ള വഴി
- ഇമാമീങ്ങൾ എന്തു പറയുന്നു.
- ഖബ്റുകളുടെ മുകളിലെ ഖുബ്ബകൾ തകർക്കൽ

- അനുബന്ധം.1

ഇമാം നവവി -رحمه الله- യുടെ പ്രാർത്ഥന

- അനുബന്ധം .2

ഖബ്റുമായി ബന്ധപ്പെട്ട ആചാരങ്ങൾ ;ഒരു താരതമ്യം

الحمد لله رب العالمين، والصلاة والسلام على المبعوث رحمة للعالمين، وآله وصحبه أجمعين،

أما بعد

ഖബ്ർ കെട്ടി ഉയർത്തുക എന്നത് കേവലമൊരു കർമശാസ്ത്രപരമായ മസ്അലയല്ല .ഇന്ന് മുസ്ലീം സമുദായത്തിൽ വേര് പിടിച്ചിട്ടുള്ള ഒട്ടുമിക്ക അനാചാരങ്ങളും ഖബ്റുമായി ബന്ധപ്പെട്ടതാണ് .ഖബറിന്റെ മുമ്പിൽ സുജൂദും ,ത്വവാഫും,വിളക്ക് കത്തിക്കലും ,ഉത്സവങ്ങളും ,നേർച്ചകളും ഖബറാളികളെ വിളിച്ച് തേടലും തുടങ്ങി ,ഇസ്ലാമിൽ നിന്ന് തന്നെ പുറത്തു പോകുന്ന ശിർക്കൻ പ്രവർത്തനങ്ങളാണ് ഖബ്റുമായി ബന്ധപ്പെട്ട അനാചാരങ്ങളിൽ പലതും .മരണപ്പെട്ട സ്വാലിഹീങ്ങളോടുള്ള അതിരുകവിഞ്ഞ ആദരവാണ് ചരിത്രത്തിലുടനീളം പടിപടിയായി മനുഷ്യരെ വിഗ്രഹാരാധനയിലേക്ക് നയിച്ചിട്ടുള്ളത് .ശിർക്കിലേക്ക് നയിക്കുന്ന കാര്യങ്ങളെ ഗൗരവത്തോടെ വിലക്കുന്ന ഇസ്ലാമിക പ്രമാണങ്ങൾ ഖബർ പൂജയിലേക്ക് നയിക്കുന്ന കാര്യങ്ങളിൽ നിന്നും ശക്തമായി താക്കീത് ചെയ്യുന്നുണ്ട് .ഖബർ കെട്ടി ഉയർത്തുക എന്നത് ഈ ഗണത്തിൽ പെട്ട കാര്യമാണ് .അഥവാ അമ്പിയാക്കളുടെ പ്രഥമ പ്രബോധന വിഷയമായ താഹീദിലേക്കുള്ള ക്ഷണത്തിന്റെയും ശിർക്കിൽ നിന്നുള്ള താക്കീതിന്റെയും ഭാഗമാണ് ഇതു പോലെ ശിർക്കിലേക്ക് നയിക്കുന്ന കാര്യങ്ങളിൽ നിന്നും ജനങ്ങളെ വിലക്കലും ഇത് ശിർക്കിലേക്കുള്ള ചവിട്ടുപടിയാണെന്ന് അവരെ ഉണർത്തലും.

കെട്ടി ഉയർത്തിയ ജാറങ്ങളും മഖ്ബറകളും അനിസ്ലാമികമാണെന്നതിനുള്ള ന്യായങ്ങളും പ്രമാണങ്ങളും എന്തൊക്കെയാണെന്നും ,സ്വഹാബത്തിന്റെയും ആദ്യ കാല പണ്ഡിതന്മാരുടെയും ഈ വിഷയത്തിലുള്ള നിലപാട് എന്തായിരുന്നു എന്നും പരിശോധിക്കാം.

➢ **നബി ﷺ ഖബ്റുകൾ കെട്ടി ഉയർത്തുന്നത് വിലക്കി.**

ജാബിർ -رضي الله عنه- പറയുന്നു:

نَهَى رَسُولُ اللهِ ﷺ عَنْ تَجْصِيصِ الْقَبْرِ، وَأَنْ يُقْعَدَ عَلَيْهِ، وَأَنْ يُبْنَى عَلَيْهِ

**ഖബ്റുകൾ കുമ്മായം ഇടുന്നതും ,അതിന്മേൽ ഇരിക്കുന്നതും ,അവ കെട്ടി ഉയർത്തുന്നതും റസൂൽ ﷺ വിലക്കി.**[1]

അല്ലാഹുവിന്റെ റസൂൽ ﷺ ഒരു കാര്യം വിലക്കിയാൽ അത് നിശിദ്ധമാണെതാണ് അടിസ്ഥാന നിയമം [2]

നബി ﷺ പറഞ്ഞു:

ما نهيتكم عنه فاجتنبوه...

**ഞാൻ എന്താണോ നിങ്ങളോട് വിലക്കിയത അത് നിങ്ങൾ ഒഴിവാക്കുക.**[3]

ഈ വിഷയത്തിൽ വന്ന ഹദീസുകൾ വിശദീകരിച്ചു കൊണ്ട് പ്രശസ്ത തഫ്സീർ രചയിതാവായ ഹിജ്റ671 ൽ മരണപ്പെട്ട ഇമാം ഖുർത്ത്വുബി -رحمه الله- പറയുന്നു:

وأَمَّا تَعليةُ البناءِ الكثيرِ على نحوِ ما كانت الجاهليَّةُ تفعَلُه تفخيمًا وتعظيمًا، فذلك يُهدَمُ ويزالُ، فإنَّ فيه استعمالَ زينةِ الدُّنيا في أوَّلِ منازلِ الآخرةِ، وتشبُّهًا بمن كان يُعظِّمُ القبور ويَعبُدها. وباعتبارِ هذه المعاني وظاهرِ النهيِّ أن ينبغيَ أن يقال: هو حرام

---

[1]. رواه مسلم.

[2]. كتاب الأم للإمام الشافعي (ج ٧ الصفحة ٣٠٥)

[3]. رواه البخاري ومسلمٌ

**ജാഹിലിയ്യാ കാലത്തെ ആളുകൾ ചെയ്തിരുന്ന പോലെ ഖബ്റിനെ മഹത്വവൽക്കരിച്ചു കൊണ്ട് ഉയർത്തി കെട്ടിപ്പൊക്കുന്നത് തകർക്കപ്പെടുകയും നീക്കം ചെയ്യുകയും വേണം .കാരണം; അത് ആഖിറത്തിലെ ആദ്യ ഗേഹമായ ഖബ്റിൽ ദുനിയാവിന്റെ അലങ്കാരങ്ങൾ ഉപയോഗിക്കലാണ് . ഖബ്റുകൾ മഹത്വപ്പെടുത്തുകയും ,ആരാധിക്കുകയും ചെയ്യുന്നവരോട് സാദൃശ്യപ്പെടലാണ്.**

**ഈ കാര്യങ്ങളും ,ഈ വിഷയത്തിൽ വന്നിട്ടുള്ള വിലക്കിന്റെ പ്രത്യക്ഷാർത്ഥവും പരിഗണിച്ചാൽ അത് ഹറാമാണെന്ന് പറയൽ അനിവാര്യമാണ്.**[4]

ഇമാം നവവി -رحمه الله- പറയുന്നു:

**പൊതു മഖ്ബറകളിൽ ഖബ്ർ കെട്ടി ഉയർത്തുന്നത് ഹറാമാണ് .ഇക്കാര്യം ഇമാം ശാഫിഈ** -رحمه الله- **യും ശാഫിഈ മദ്ഹബിലെ മറ്റ് ഇമാമുകളും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.**[5]

സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലത്താണെങ്കിൽ കറാഹത്താണെന്നാണ് നവവി -رحمه الله- ഉൾപ്പൊടെയുള്ള പിൻകാലക്കാരായ ചില പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് .എന്നാൽ പല പണ്ഡിതന്മാരുടെ അടുക്കലും ഹദീസിന്റെ പ്രത്യക്ഷാർത്ഥം സൂചിപ്പിക്കുന്ന പോല പൊതുമഖ്ബറയെന്നോ അല്ലാത്തതെന്നോ വിത്യാസമില്ല .വിലക്ക് എല്ലാറ്റിനും ഒരുപോലെ ബാധകമാണ്.

➢ **ഉയർന്നു നിൽക്കുന്ന ഖബ്റുകൾ നിരപ്പാക്കാനും റസൂൽ ﷺ കൽപ്പിച്ചു.**

അലി -رضي الله عنه- അബുൽ ഹയ്യാജ് അൽഅസദി -رحمه الله- യോട് പറഞ്ഞു:

---

4. تفسير القرطبي١٠/٣٨١

5. شرح مسلم٧/٣٧

أَلا أَبْعَثُكَ عَلَى مَا بَعَثَنِي عليهِ رسول الله ﷺ: «أَنْ لا تَدَعَ تِمْثَالًا إِلا طَمَسْتَهُ، وَلا قَبْرًا مُشْرِفًا إِلا سَوَّيْتَهُ»

**റസൂൽ ﷺ എന്നെ നിയോഗിച്ച കാര്യത്തിന് ഞാൻ നിന്നെ നിയോഗിക്കട്ടെ ;ഒരു രൂപവും നീ നശിപ്പിക്കാതെ വിടരുത് ,ഉയർന്നു നിൽക്കുന്ന ഒരു ഖബ്റും നീ നിരപ്പാക്കാതെയും വിടരുത്.[6]**

പണ്ഡിതന്മാരിൽ ചിലർ പറഞ്ഞു:

**രൂപങ്ങൾ നശിപ്പിക്കുന്നതിനോടൊപ്പം ഉയർന്നു നിൽക്കുന്ന ഖബ്റുകൾ നിരപ്പാക്കുന്നത് പറയാൻ കാരണം അത് രണ്ടും ശിർക്കിലേക്ക് നയിക്കുന്ന കാര്യമാണ് എന്നതുകൊണ്ടാണ്[7]**

ഈ ഹദീസ് വിശദീകരിക്കവെ ഇമാം നവവി -رحمه الله- പറഞ്ഞു:

فِيهِ : أَنَّ السُّنَّةَ أَنَّ الْقَبْرَ لَا يُرْفَعُ عَلَى الْأَرْضِ رَفْعًا كَثِيرًا، وَلَا يُسَنَّمُ؛ بَلْ يُرْفَعُ نَحْوَ شِبْرٍ وَيُسَطَّحُ، وَهَذَا مَذْهَبُ الشَّافِعِيِّ وَمَنْ وَافَقَهُ، وَنَقَلَ الْقَاضِي عِيَاضٌ عَنْ أَكْثَرِ الْعُلَمَاءِ أَنَّ الْأَفْضَلَ عِنْدَهُمْ تَسْنِيمُهَا، وَهُوَ مَذْهَبُ مَالِكٍ

**ഖബ്ർ മണ്ണിൽ നിന്ന് ഒരുപാട് ഉയർത്താതിരിക്കലാണ് നബിചര്യയെന്നും ,മുകൾ ഭാഗം കൂർപ്പാക്കാതെ ഒരു ചാൺ ഉയർത്തിയ ശേഷം നിരപ്പാക്കണമെന്നും ഈ ഹദീസിലുണ്ട്.**

**ഇതാണ് ഇമാം ശാഫിഈ -رحمه الله- യുടെയും അദ്ദേഹത്തോട് യോജിച്ചവരുടെയും മദ്ഹബ് .ഭൂരിഭാഗം പണ്ഡിതന്മാരുടെയും അടുക്കൽ ഉത്തമം മുകൾ ഭാഗം കൂർപ്പിക്കലാണ് എന്നാണ് അൽഖാദ്വീ ഇയാദ്വ്-رحمه الله- റിപ്പോർട്ട് ചെയ്തിട്ടുള്ളത് .അതാണ് ഇമാം മാലിക്ക് -رحمه الله- യുടെ മദ്ഹബ്.[8]**

---

[6]. رواه مسلم

[7]. منهاج السنة (١/٤٧٧)

[8]. شرح النووي على مسلم٧/٣٦

## ➢ സ്വഹാബത്തിന്റെ നിലപാട്

നബി ﷺ യുടെ കൽപ്പന സ്വഹാബത്ത് നടപ്പിലാക്കുന്നത് നോക്കുക.
സുമാമത്ത് ബ്നു ശുഫയ്യ് -رحمه الله- പറയുന്നു:

كُنَّا مَعَ فَضَالَةَ بْنِ عُبَيْدٍ بِأَرْضِ الرُّومِ بِرُودِسَ، فَتُوُفِّيَ صَاحِبٌ لَنَا، فَأَمَرَ فَضَالَةُ بْنُ عُبَيْدٍ بِقَبْرِهِ فَسُوِّيَ، ثُمَّ قَالَ: «سَمِعْتُ رَسُولَ اللهِ ﷺ يَأْمُرُ بِتَسْوِيَتِهَا

**ഞങ്ങൾ റോമിലെ റൂദിസിൽ ഫദ്വാലത്ത് ബ്നു ഉബൈദ്-رضي الله عنه- വിന്റെ അടുക്കലായിരുന്നു .അങ്ങനെയിരിക്കെ ഞങ്ങളുടെ ഒരു കൂട്ടുകാരൻ മരണപ്പെട്ടു .അപ്പോൾ അദ്ദേഹത്തിന്റെ ഖബ്ർ നിരപ്പാക്കാൻ ഫദ്വാലത്ത് ബ്നു ഉബൈദ്**-رضي الله عنه- **കൽപിക്കുകയും ,അങ്ങനെ നിരപ്പാക്കുകയും ചെയ്തു .എന്നിട്ടദ്ദേഹം പറഞ്ഞു :റസൂൽ ﷺ ഖബർ നിരപ്പാക്കാൻ കൽപ്പിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.**[9]

മുസ്ലിം ഉമ്മത്തിലെ ആദ്യ തലമുറക്ക് ഈ ഏർപ്പാട് പരിചയമില്ല എന്ന് മാത്രമല്ല ,ഖബറുമായി ബന്ധപ്പെട്ട് ജനങ്ങൾ ഫിത്നയിലകപ്പെടാതിരിക്കാൻ അവർഅങ്ങേയറ്റത്തെ ജാഗ്രത കാണിക്കുകയും ചെയ്തിരുന്നു.

സ്വഹാബത്തിന്റെ കാലത്ത് മുസ്ലിംകൾ‘‘ തുസ്തർ ’’വിജയിച്ചടക്കിയപ്പോൾദാനിയാൽ പ്രവാചകന്റെ -عليه السلام- മൃതശരീരം കണ്ടെത്തി .ആ നാട്ടുകാർ വെള്ളമില്ലാതായാൽ മഴക്കായി അദ്ദേഹത്തിന്റെ ഖബ്റിനെ സമീപിക്കുമായിരുന്നു .

ഈ വിവരം അബൂ മൂസ അൽഅശ്അരി -رضي الله عنه- ഉമർ-رضي الله عنه- വിനെ എഴുതി അറിയിച്ചപ്പോൾ 13 ഖബ്റുകൾ കുഴിച്ച് രാത്രിയിൽ ആരുമറിയാതെ അതിലൊന്നിൽ ഖബറടക്കി 13 ഖബ്റുകളും രാത്രി തന്നെ മൂടാൻ ആവശ്യപ്പെടുകയും ,അങ്ങനെ ചെയ്യുകയും ചെയ്തു .ജനങ്ങൾ ഫിത്നയിലകപ്പെടാതിരിക്കാൻ വേണ്ടിയായിരുന്നു അപ്രകാരം ചെയ്തത്.[10]

---

[9]. رواه مسلم

[10]. رواه ابن أبي شيبة ١٧\٤٤ بسند صحيح

ഈ സംഭവം വിവരിച്ച ശേഷം ഇബ്നു തൈമിയ -رحمه الله- പറയുന്നു:

فهذه كانت سنة الصحابة، ولهذا لم يكن في زمن الصحابة والتابعين على وجه الأرض في ديار الإسلام مسجد مبني على قبر، ولا مشهد يزار

**ഇതായിരുന്നു സ്വഹാബത്തിന്റെ രീതി .അതുകൊണ്ട് തന്നെ സ്വഹാബത്തിന്റെയോ ,താബിഉകളുടേയോ കാലത്ത് ഭൂമുഖത്ത് ഒരു മുസ്ലിം നാട്ടുകളിലും ഖബ്റിന്മേൽ നിർമിക്കപ്പെട്ട പള്ളിയോ ,സന്ദർശന കേന്ദ്രങ്ങളായ മഖാമുകളോ ഉണ്ടായിരുന്നില്ല.**[11]

പ്രമുഖ സ്വഹാബി അബൂ മൂസ അൽഅശ്അരി -رضي الله عنه- മരണം ആസന്നമായ സമയത്ത് നൽകിയ വസ്വിയ്യത്തുകളിൽ കാണാം:

ولا تجعلوا على قبري بناء..

**എന്റെ ഖബ്റിന്മേൽ നിങ്ങൾ എടുപ്പുണ്ടാക്കരുത്**[12]**.**

താബിഇയായ അംറ് ബ്നു ശുറഹ്ബീൽ -رحمه الله- മരണം ആസന്നമായ സമയത്ത് ചുറ്റുമുള്ളവരോട് പറഞ്ഞു:

لَا ترفعوا جَدَثِي فَإِنِّي رَأَيْتُ الْمُهَاجِرِينَ يَكْرَهُونَ ذَلِكَ

**എന്റെ ഖബ്ർ നിങ്ങൾ കെട്ടി ഉയർത്തരുത് .മുഹാജിറുകളായ സ്വഹാബികൾ അത് വെറുത്തിരുന്നതായി ഞാൻ കണ്ടിട്ടുണ്ട്.**[13]

ഇതായിരുന്നു സ്വഹാബത്തിന്റെ നിലപാട് എന്നത് കൊണ്ടാണ് അവരിൽ പലരുടെയും ഖബറുകൾ അറിയപ്പെടാതെ പോയത്.

---

11. الرد على البكري٤٣٧
12. مسند أحمد١٩٠٥٣وإسناده قوي
13. رواه عبد الرَّزاق الصَّنعاني في مصنفه ٦٤٨٦ وابن سعد في الطبقات ٦/١٠٧،١٠٨بسند صحيح

ഹി .ഒൻപതാം നൂറ്റാണ്ടിൽ ജീവിച്ച ശാഫിഈ മദ്ഹബുകാരനും ചരിത്രകാരനുമായ നൂറുദ്ദീൻ അസ്സംഹൂദി -رحمه الله- തന്റെ മദീന ചരിത്രം വിശകലനം ചെയ്യുന്ന പ്രശസ്ത ഗ്രന്ഥത്തിൽ പറയുന്നു:

**وإنما أوجب عدم العلم بعين قبر فاطمة وغيرها من السلف ما كانوا عليه من عدم البناء على القبور وتجصيصها**

**ഫാത്വിമ -رضي الله عنها- യുടെയും ,സ്വഹാബികളടക്കമുള്ള മറ്റു മുൻഗാമികളുടെയും ഖബ്റുകൾ ഏതെന്ന് കൃത്യമായി അറിയാതിരിക്കാൻ കാരണം , അവർ ഖബ്റുകൾ കെട്ടി ഉയർത്തുകയോ ,കുമ്മായമിടുകയോ ഒന്നും ചെയ്യാറില്ലായിരുന്നത് കൊണ്ടാണ്.**[14]

ഹി 817 ൽ മരണപ്പെട്ട അൽമജ്ദ് അശ്ശീറാസി -رحمه الله- പറയുന്നു:

لا شك أن مقبرة البقيع محشوة بالجماء الغفير من سادات الأمة، غير أن اجتناب السلف الصالح من المبالغة في تعظيم القبور وتجصيصها أفضى إلى انطماس آثار أكثرهم، فلذلك لا يعرف قبر معينين منهم إلا أفرادا معدودة.

**ബഖീഅ് ഖബറ്സ്ഥാനിൽ ഈ ഉമ്മത്തിലെ നേതാക്കന്മാരായ ധാരാളം ആളുകളുടെ ഖബ്റുകൾ ഉണ്ട് എന്ന കാര്യത്തിൽ സംശയമില്ല.**

**പക്ഷേ ഖബ്റുകളെ ആദരിക്കുന്നതിൽ അതിരുകവിയുന്നതും ,ഖബ്റുകളിൽ കുമ്മായമിടുന്നതുമെല്ലാം സച്ചരിതരായ മുൻഗാമികൾ പാടേ ഉപേക്ഷിച്ചത് അവരുടെ ശേഷിപ്പുകൾ നശിച്ചു പോകാൻ കാരണമായി .അതുകൊണ്ട് തന്നെ അവരിലെ എണ്ണപ്പെട്ട ആളുകളുടേതല്ലാത്തവരുടെ ഖബറുകൾ കൃത്യമായി അറിയുകയില്ല.**[15]

മഹാന്മാരുടെ ഖബറുകൾക്ക് ഈ വിധികളൊന്നും ബാധകമല്ല എന്ന് പറയുന്നവർ ചിന്തിക്കുക. ഈ ഉമ്മത്തിലെ ഏറ്റവും മഹത്തമുള്ള സ്വഹാബികളുടെഖബറുകളുടെ കാര്യമാണ് ഈ കണ്ടത്.

---

[14]. وفاء الوفا بأخبار دار المصطفى٣/٩٠٦

[15].وفاء الوفا بأخبار دار المصطفى (١٠٠/٣)

നബി ﷺ യുടെ ഖബറ് സ്വഹാബികൾ എപ്രകാരമാണ് ചെയ്തതെന്ന് ജാബിർ -رضي الله عنه- പറയുന്നു:

أن النبي صلى الله عليه وسلم أُلحد له لحدا ، ونُصب عليه اللبن نصبا، ورفع قبره من الأرض نحوا من شبر.

**നബി ﷺ ക്ക് വേണ്ടി“ ലഹ്ദ് ”(ഖബറിന്റെ ഉള്ളിൽ നിന്ന് ഒരു വശത്തേക്ക് കുഴിക്കുന്ന രീതി) കുഴിക്കുകയും ,അതിന്മേൽ ഇഷ്ടികകൾ നാട്ടി വെക്കുകയും ,ഭൂമിയിൽ നിന്ന് ഏകദേശം ഒരു ചാൺ ഖബറ് ഉയർത്തുകയും ചെയ്തു.**[16]

ഇത് തന്നെയാണ് ഈ വിഷയത്തിൽ വന്ന ഹദീസുകൾ വെക്തമാക്കുന്ന ശരിയായ ഖബ്റിന്റെ രൂപം.

ഇമാം ഖുർത്വുബി -رحمه الله- പറയുന്നു:

قال علماؤنا: ظاهره منع تسنيم القبور ورفعها وأن تكون لاطئة. وقد قال به بعض أهل العلم.

وذهب الجمهور إلى أن هذا الارتفاع المأمور بإزالته هو ما زاد على التسنيم، ويبقى للقبر ما يعرف به ويحترم، وذلك صفة قبر نبينا محمد ﷺ وقبر صاحبيه رضي الله عنهما على ما ذكر مالك في الموطإ

**ഈ ഹദീസുകളുടെ വിലക്കു കൊണ്ടുദ്ദേശിക്കുന്നത് ഖബ്റിന്റെ മുകൾ ഭാഗം കൂർപ്പിക്കുക പോലും ചെയ്യാതെ നിരപ്പാക്കണമെന്നാണ് നമ്മുടെ പണ്ഡിതന്മാർ പറയുന്നത് .ഇതാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ (ഒരു ചാൺ) കൂർപ്പിച്ച് ഉയർത്തിയതിലും അധികമായി ഉയർത്തുന്നതാണ് പൊളിച്ച് നീക്കം ചെയ്യാൻ കൽപ്പിക്കപ്പെട്ടിട്ടുള്ളത്.**

---

[16]. رواه ابن حبان في صحيحه (6635) والبيهقي في السنن (6527)

حسنه الشيخ الألباني في أحكام الجنائز وذكر لها شواهد

**ഖബ്ർ തിരിച്ചറിയാനും ,ആദരിക്കപ്പെടാനും വേണ്ട (ഒരു ചാൺ ഉയരം) നിലനിർത്തണം എന്നാണ് ഭൂരിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. അങ്ങനെയാണ് ഇമാം മാലിക്-**رحمه الله- **തന്റെ മുവത്ത്വഇൽ പറഞ്ഞ പ്രകാരം**

**നബി ﷺ യുടെയും അബൂബക്ർ ,ഉമർ** - رضي الله عنهما- **എന്നിവരുടെയും ഖബ്റുകളുടെ രൂപം.**[17]

കൂർപ്പിക്കുകയെന്നാൽ ഒരു ചാണാണ് അതിന്റെ ഉയരമെന്ന് ഇമാം ഖുർത്വുബി തന്നെ വിശദീകരിച്ചിട്ടുണ്ട് .[18]

- **അന്നേ ദിവസം ദീനാകാത്തതൊന്നും ഇന്നും ദീനാവുകയില്ല.**

നബി ﷺ ക്കോ സ്വഹാബത്തിനോ പരിചയമില്ലാത്ത, ഖബ്റുകൾ കെട്ടി ഉയർത്തുക, എന്നത് ഇന്ന് ദീനായും സുന്നത്തായുമൊക്കെ അവതരിപ്പിക്കുന്നുണ്ടെങ്കിൽ അതിനാണ് ബിദ്അത്ത് എന്ന് പറയുക.

ഇമാം മാലിക്ക് -رحمه الله- പറഞ്ഞു

فما لم يكن يومئذ دينًا فلا يكون اليوم دينًا

**അന്നേ ദിവസം ദീനാ കാത്തതൊന്നും ഇന്നും ദീനാവുകയില്ല.**[19]

എങ്കിൽ പിന്നെ ആരിൽ നിന്നാണ് മുസ്ലീം ഉമ്മത്തിലേക്ക് ഈ അനാചാരം കടന്നു വന്നത് എന്ന് പരിശോധിച്ചാൽ, ചാണിനു ചാണായും മുഴത്തിനു മുഴമായുംന നിങ്ങളവരെ പിന്തുടരുമെന്ന് നബി ﷺ താക്കീത് ചെയ്ത ജൂത-ക്രൃസ്ത്യാനികളുടെ രീതിയായിരുന്നു ഇതെന്ന് കാണാൻ സാധിക്കും.

ഹിജ്റ 94 ൽ ജനിച്ച ഇമാം അല്ലൈസ് ബ്നു സഅദ് -رحمه الله- പറഞ്ഞു:

---

17. تفسير القرطبي١٠/٣٨١

18. قال رحمه الله :والتسنيم في القبر ارتفاعه قدر شبر

(تفسير القرطبي١٠/٣٨١ )

19. من كتاب الاعتصام للشاطبي ص ١٨.

بُنيان القبور ليس مِن حال المسلمين، وإنما هو مِن حال النصارى

**ഖബ്ർ കെട്ടി ഉയർത്തൽ മുസ്ലിംകളുടെ രീതിയല്ല .ക്രൈസ്തവരുടെ രീതിയാണ്.**[20]

മുആവിയ -رضي الله عنه- പറയുന്നത് നോക്കുക:

إِنَّ تَسْوِيَةَ الْقُبُورِ مِنَ السُّنَّةِ، وَقَدْ رَفَعَتِ الْيَهُودُ وَالنَّصَارَى فَلَا تَشَبَّهُوا بِهِمَا

**ഖബ്ർ നിരപ്പാക്കുക എന്നത് നബി ﷺ യുടെ ചര്യയാണ് .ജൂതരും ക്രൈസ്തവരും ഖബ്റുകൾ കെട്ടി ഉയർത്തി .അതുകൊണ്ട് ആ കാര്യത്തിൽ നിങ്ങൾ അവരോട് സാദൃശ്യപ്പെടരുത്.**[21]

**ജൂത-ക്രൈസ്തവരുടെ ഈ സമ്പ്രദായം മുസ്ലീങ്ങളിലേക്ക് ആദ്യമായി കൊണ്ടുവന്നത് ശിയാക്കളായിരുന്നു.**[22]

മുസ്ലീം സമുദായത്തിലേക്ക് ശിയാക്കൾ കൊണ്ടുവന്ന ജൂത ക്രൈസ്തവരുടെ ഒരു സമ്പ്രദായം നന്മയാണോ തിന്മയാണോ എന്നറിയാൻ അധികമൊന്നും ചിന്തിക്കേണ്ട കാര്യമില്ല.

സച്ചരിതരായ മുൻഗാമികളെ പിന്തുടരുന്നതിലാണ് എല്ലാ നന്മയുമുള്ളത്. പിൻഗാമികളുടെ പുതു നിർമിതികളെ പിൻപറ്റുന്നതിലാണ് എല്ലാ തിന്മയും.

- **ശിർക്കിലേക്കുള്ള വഴി**

ശിർക്കൻ വിശ്വാസത്തിലേക്കും പ്രവർത്തനങ്ങളിലേക്കുമിത് നയിക്കുമെന്നത് നാം കണ്ടു കൊണ്ടിരിക്കുന്ന കാര്യമാണ്.

നിശിദ്ധമായ കാര്യത്തിലേക്ക് നയിക്കുന്ന കാര്യവും നിശിദ്ധമായിരിക്കും

[20]. مختصر اختلاف العلماء١/٤٠٧

[21]. أخرجه الطبراني في المعجم الكبير٨٢٣وإسناده صحيح

[22]. (القاضي العدل في حكم البناء على القبور ص.٣١ )

ശിഹാബുദ്ധീൻ അൽഖറാഫി -رحمه الله- പറഞ്ഞു:

أَنَّ وسيلةَ المحرَّمِ محرَّمةٌ..

**ഹറമിലേക്ക് നയിക്കുന്ന വഴികളും ഹറാമാണ്**[23]

ഇത് അടിസ്ഥാനപരമായി സർവാഗീകൃതമായ നിയമമാണ്[24] ഖബറിനെ അതിരുകവിഞ്ഞ് ആദരിക്കുന്നത് ശിർക്കിലേക്ക് നയിക്കു മെന്ന് പണ്ഡിതന്മാർ വിശദീകരിക്കുന്നത് കാണുക:

ഇമാം നവവി -رحمه الله-പറയുന്നു:

إنما نهى النبي عن اتخاذ قبره وقبر غيره مسجدا خوفا من المبالغة في تعظيمه والافتتان به، فربما أدى ذلك إلى الكفر، كما جرى لكثير من الأمم الخالية

**നബി ﷺ തന്റെയും അല്ലാത്തവരുടെയും ഖബറുകൾ മസ്ജിദാക്കുന്നത് വിലക്കാൻ കാരണം ഖബറിനെ അമിതമായ മഹത്തപ്പെടുത്തുകയോ ,അതുമുഖേന ആളുകൾ ഫിത്നയിൽ അകപ്പെടുകയോ ചെയ്യുമെന്നുള്ള ഭയമാണ് .ചിലപ്പോഴത് മുൻ കഴിഞ്ഞ പല സമുദായങ്ങൾക്കും സംഭവിച്ചപോലെ കുഫ്റിലേക്ക് വരേ എത്തിച്ചേക്കാം.**[25]

ഖബറിലേക്ക് തിരിഞ്ഞ് നിസ്കരിക്കുന്നതിനെ വിലക്കിക്കൊണ്ട് വന്ന ഹദീസുകൾ ഉദ്ദരിച്ച ശേഷം ഇമാം ഖുർതുബി -رحمه الله- പറയുന്നു:

أي لا تتخذوها قبلة فتصلوا عليها أو إليها كما فعل اليهود والنصارى ، فيؤدي إلى عبادة من فيها كما كان السبب في عبادة الأصنام . فحذر النبي ( صلى الله عليه وسلم ) عن مثل ذلك ، وسد الذرائع المؤدية إلى ذلك..

---

[23] . شرح تنقيح الفصول للقرافي- ٢٠٠- الفروق للقرافي - ٢/ ٣٣-

[24] . قال الإمام القرافي رحمه الله : "وأصل سدها مجمع عليه " (القرافي، الفروق: ج 1، ص 33)

وقال الإمام الشاطبي رحمه الله : " قاعدة الذرائع متفق على اعتبارها في الجملة ، وإنما الخلاف في أمر آخر" (الموافقات، ج 4، ص 113)

[25]. شرح النووي على صحيح مسلم (2 / 162) .

**അതായത് ,ജ്ഞത ക്രൈസ്തവർ ചെയ്തതുപോലെ ഖബറുകളിലേക്ക് തിരിഞ്ഞു കൊണ്ടോ ഖബറിന്മേൽ നിന്നേ നിസ്കരിച്ചു കൊണ്ട് ഖബറുകളെ ഖിബ് ലയാക്കരുത് .മുമ്പ് വിഗ്രഹാരാധനയിലേക്ക് നയിച്ച കാരണങ്ങളെ പോലെ ഇത് ഖബറിലുള്ളവരെ ഇബാദത്ത് ചെയ്യുന്നതിലേക്ക് നയിക്കും.**

**അതുകൊണ്ട് തന്നെ നബി ﷺ ഇതു പോലുള്ള കാര്യങ്ങളിൽ നിന്ന് താക്കീത് ചെയ്യുകയും ,അതിലേക്ക് നയിക്കുന്ന വഴികളെ അടക്കുകയും ചെയ്തു.**[26]

തുടർന്നദ്ദേഹം ഖബറ് കെട്ടി പൊക്കുന്നത് ഉൾപ്പെടെയുള്ള അനാചരങ്ങളെ കുറിച്ച് വിശദമായി സംസാരിക്കുന്നുണ്ട്.

ഹി 1182 ൽ മരണപ്പെട്ട മുഹമ്മദ് ബ്നു ഇസ്മാഈൽ അസ്സ്വൻആനി -رحمه الله- പറയുന്നു:

فإن هذه القباب والمشاهد التي صارت أعظم ذريعة إلى الشرك والإلحاد، وأكبر وسيلة إلى هدم الإسلام وخراب بنيانه، غالباً،

**ഈ ഖുബ്ബകളും ,സന്ദർശന കേന്ദ്രങ്ങളായ ഖബറുകളുമെല്ലാം ശിർക്കിലേക്കും മറ്റു വ്യതിാനങ്ങളിലേക്കും നയിക്കുന്ന ഏറ്റവും വലിയ കാരണവും ,മിക്കപ്പോഴും ഇസ്ലാമിനെ തകർക്കുന്നതിലേക്കും ,അതിന്റെ ഭിത്തികൾ നശിപ്പിക്കുന്നതിലേക്കും നയിക്കുന്ന കാര്യവുമായി തീർന്നിട്ടുണ്ട് .**[27]

ശൗകാനി -رحمه الله- പറയുന്നു:

هذه البدعة قد صارت وسيلة لضلال كثير من الناس لا سيما العوام فإنهم إذا رأوا القبر وعليه الأبنية الرفيعة والستور الغالية وانضم إلي ذلك إيقاد السرج عليه تسبب عن ذلك الاعتقاد في ذلك الميت

ولا يزال الشيطان يرفعه من رتبة إلي رتبة حتى يناديه مع الله سبحانه ويطلب منه ما لا يطلب إلا من الله عز وجل ولا يقدر عليه سواه فيقع في الشرك

[26]. تفسير القرطبي (١٠/٣٨١)

[27]. تطهير الاعتقاد ص ٦١.

**ഈ ബിദ്അത്ത് ഒരുപാട് ആളുകൾ വഴി പിഴച്ച് പോകുന്നതിന് കാരണമായിട്ടുണ്ട് .പ്രത്യേകിച്ചും സാധാരണക്കാർ ,അവരൊരു ഖബർ കെട്ടി ഉയർത്തുകയും ,വിലപിടിപ്പുള്ള പുതപ്പ് മൂടുകയും ,കൂടെ വിളക്കുകൾ കത്തിച്ച് വെക്കുന്നതുമെല്ലാം കണ്ടാൽ അതിൽ കിടക്കുന്ന മയ്യിത്തിനെ കുറിച്ച തെറ്റായ വിശ്വാസത്തിലേക്ക് അത് നയിക്കുന്നു .പിശാച് വീണ്ടു വീണ്ടും ആ മയ്യിത്തിന്റെ സ്ഥാനം ഉയർത്തി അല്ലാഹുവിന്റെ കൂടെ വിളിച്ച് തേടുകയും ,അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട ,അവന് മാത്രം സാധിക്കുന്ന കാര്യങ്ങൾ ഖബറാളിയോട് ചോദിക്കുകയും അങ്ങനെ ശിർക്കിൽ പതിക്കുകയും ചെയ്യുന്നു.**[28]

ഹി 208 ൽ സയ്യിദഃ നഫീസ ബിൻത്ത് അൽ ഹസൻ എന്നവരുടെ മരണവും മിസ്വിറിലെ അവരുടെ ഖബറുമായി ബന്ധപ്പെട്ട അതിരുകവിച്ചിലിനെ കുറിച്ച്സംസാരിക്കവേ ഇബ്നു കസീർ -رحمه الله- (ഹി 774 ൽ മരണം )പറഞ്ഞു:

**وأصل عبادة الأصنام من المغالاة في القبور وأصحابها وقد أمر النبي صلى الله عليه وسلم بتسوية القبور وطمسها والمغالاة في البشر حرام**

**ഖബ്റിന്റെ കാര്യത്തിലും ഖബ്റാളികളുടെ കാര്യത്തിലുമുള്ള അതിരുകവിച്ചിലാണ് വിഗ്രഹാരാധനയുടെ അടിവേര് .കെട്ടി ഉയർത്തിയ (ഖബറുകൾ നിരപ്പാക്കാനും നീക്കം ചെയ്യാനും നബി ﷺ കൽപ്പിച്ചിട്ടുണ്ട് .മനുഷ്യരുടെ കാര്യത്തിൽ അതിരുവിടുന്നത് നിശിദ്ധമാണ്.**[29]

''ഇസ്ലാമിന്റെ ചരിത്രകാരൻ''എന്നറിയപ്പെടുന്ന ഇമാം അദ്ദഹബി -رحمه الله-പറയുന്നു:

**ولجهلة المصريين فيها اعتقاد يتجاوز الوصف ولا يجوز مما فيه من الشرك ويسجدون لها ويلتمسون منها المغفرة وكان ذلك من دسائس دعاة العبيدية**

**ഈജിപ്തിലെ വിഢികളായ ചിലർക്ക് സയ്യിദഃ നഫീസ -رحمها الله- എന്നവരെക്കുറിച്ച് വിശേഷിപ്പിക്കാവുന്നതിലുമപ്പുറമുള്ള തെറ്റായ ശിർക്കൻ വിശ്വാസങ്ങളുണ്ട്.**

---

28. (السيل الجرار ١/٣٦٧)

29. البداية والنهاية (١٣/١٧٠)

**അവർക്ക് അവർ സുജൂദ് ചെയ്യുകയും അവരോട് പാപങ്ങൾ പൊറുക്കാൻ തേടുകയും ചെയ്യുന്നു .അതെല്ലാം(ശിയാക്കളായ )ഉബൈദികളുടെ ഗൂഢതന്ത്രത്തിൽ പെട്ടതായിരുന്നു .**[30]

നമ്മുടെ നാട്ടുകളിൽ ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ ധാരാളമുണ്ട്. അല്ലാഹുവിൽ അഭയം!

➢ **ഇമാമീങ്ങൾ എന്തു പറയുന്നു.**

ഇമാം അബൂ ഹനീഫയും ഇമാം മാലിക്കും ഖബറ് കെട്ടി ഉയർത്തുന്നത് കറാഹത്താണെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

നിശിദ്ധമായ കറാഹത്താണ് (الكراهة التحريمية) അവർ ഉദ്ദേശിച്ചിട്ടുണ്ടാകാൻ സാധ്യതയെന്നാണ് പണ്ഡിതന്മാരിൽ പലരും പറഞ്ഞിട്ടുള്ളത്[31] .ഇനി നിരുത്സാഹപ്പെടുത്തപ്പെട്ട കറാഹത്താണെങ്കിലും ശിർക്കിലേക്ക് നയിക്കുന്ന കാര്യമാണ് എന്ന നിലക്കും ,ഇബാദത്തായിക്കാണുമ്പോൾ അത് ബിദ്അത്താകുമെന്നതുകൊണ്ടും ഹറാമായിത്തീരും എന്നതും പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

അൽ കാസാനി -رحمه الله- പറയുന്നു :

وكره أبو حنيفة البناء على القبر وأن يُعلّم بعلامة

ഇമാം അബൂഹനീഫ -رحمه الله- ഖബറിന്മേൽ കെട്ടി ഉയർത്തുന്നത് കറാഹത്തായി കണ്ടിട്ടുണ്ട്....[32]

ഹനഫികളുടെ അടുക്കൽ കറാഹത്ത് എന്ന് നിരുപാധികം പറഞ്ഞാൽ നിശിദ്ധമായ കറാഹത്താണ് ഉദ്ദേശം.[33]

---

30. سير أعلام النبلاء (١٠/١٠٦)

31. انظر :آثار الشيخ العلامة عبد الرحمن بن يحيي المعلمي.(59 /2 /5)

32. بدائع الصنائع

33. قال ابن العابدين : لأنها (الكراهة التحريمية) المرادة عند إطلاقهم (الكراهة)

ഇമാം അൽ കാസാനി തന്റെ بدائع الصنائع എന്ന ഗ്രന്ഥത്തിൽ ഇമാം അബൂഹനീഫ -رحمه الله- യെ ഉദ്ധരിച്ചുകൊണ്ട് കൊണ്ട് കറാഹത്താണെന്ന് പറഞ്ഞതിനെക്കുറിച്ച് പ്രശസ്ത ഹനഫീ പണ്ഡിതനായ ഇബ്നുൽ അബിദീൻ -رحمه الله- പറയുന്നു:

وظاهره أن الكراهة تحريمية، وهو مقتضى النهي المذكور.

ഇവിടെ നിഷിദ്ധമായ കറാഹത്താണ് ഉദ്ദേശം എന്നാണ് പ്രത്യക്ഷത്തിൽ മനസ്സിലാക്കുന്നത് .അത് തന്നെയാണ് ഇവിടെ പ്രതിപാദിക്കപ്പെട്ട ഹദീസിൽ വന്ന വിലക്കിന്റെയും താൽപര്യം.[34]

ഇബ്നു റഷ്ദ് അൽ മാലികി -رحمه الله- പറയുന്നു:

وكره مالك البناء على القبور.

ഇമാം മാലിക് -رحمه الله- ഖബറിന്മേൽ കെട്ടി ഉയർത്തുന്നത് കറാഹത്തായി കണ്ടു.[35]

വിഗ്രാഹാരാധകരോട് സാദൃശ്യപ്പെടുന്നതായത്കൊണ്ടും ഹദീസിൽ വന്ന വിലക്കിന്റെ പ്രത്യക്ഷാർത്ഥം പരിഗണിച്ചു ഹറാമാണെന്ന് പറയൽ അനിവാര്യമാണെന്ന് മാലിക്കി മദ്ഹബ് കാരനായ ഇമാം ഖുർത്തുബി പറഞ്ഞത് നാം കണ്ടു.[36]

## ➢ ഖബ്റുകളുടെ മുകളിലെ ഖുബ്ബകൾ തകർക്കൽ

ഉയർന്നു നിൽക്കുന്ന ഖബ്റുകൾ പൊളിച്ചു നിരപ്പാക്കുക എന്നത് നബി ﷺ കൽപ്പിച്ചതും ഇമാമീങ്ങൾ നടപ്പിലാക്കിയതുമാണ്.

---

(ابن العابدين في رد المحتار) ص. ١/ ٣٨٠

34. (الرد المحتار ٢ /٢٣٦)

35. البيان والتحصيل (٢/٣٤٨)

36. تفسير القرطبي١٠/٣٨١

ഇബ്നു അബ്ദുൽ വഹാബ് -رحمه الله- യും സഊദി ഭരണകൂടവും ഖുബ്ബകൾ തകർത്തു എന്ന് ആക്ഷേപിക്കുന്നവർ ശാഫിഈ പണ്ഡിതനായ ഇബ്നു ഹജർ അൽഹൈതമി -رحمه الله- അതിന് ആഹ്വാനം ചെയ്യുന്നത് കാണുക:

وتجب المبادرة لهدم القباب التي هي على القبور، إذ هي أضرّ من مسجد الضرار، لأنها أسست على معصية الرسول ﷺ، لأنه نهى عن ذلك وأمر بهدم القبور المشرفة

**ഖബ്റുകളുടെ മുകളിലെ ഖുബ്ബകൾ തകർക്കാൻ ധൃതി കാണിക്കൽ നിർബന്ധമാണ് .കാരണം അവ മസ്ജിദുദ്വിറാറിനേക്കാൾ അപകടം പിടിച്ചതാണ് .കാരണം അല്ലാഹുവിന്റെ റസൂലിനെ ധിക്കരിക്കുക എന്ന അടിത്തറയിലാണ് അവ നിർമിക്കപ്പെട്ടിരിക്കുന്നത് .നബി ﷺ അത് വിലക്കുകയും ,ഉയർന്നു നിൽക്കുന്ന ഖബ്റുകൾ നിരപ്പാക്കാൻ കൽപ്പിക്കുകയും ചെയ്തിട്ടുണ്ട് .**[37]

തഖ്വയിലധിഷ്ഠിതമായി നിർമിക്കപ്പെട്ട ഖുബാ പള്ളിക്ക് ഉപദ്രവമുണ്ടാക്കുന്നതിനും,അവിശ്വാസത്തിനും ,സത്യവിശ്വാസികള്ക്കിടയില് ഭിന്നതയുണ്ടാക്കുന്നതിനും ,മുമ്പ് അല്ലാഹുവിനോടും അവന്റെ റസൂലിനോടും യുദ്ധം നടത്തിയവര്ക്ക് ഒരു താവളമുണ്ടാക്കിക്കൊടുക്കുവാന് വേണ്ടിയും മുനാഫിഖുകൾ നിർമിച്ച പള്ളിയാണ് 'മസ്ജിദുദ്വിറാർ' .അതിനേക്കാൾ വലിയ അപകടമാണ് ഖുബ്ബകളും ജാറങ്ങളും ഈ ഉമ്മത്തിന് വരുത്തി വെച്ചത്.

ഇബ്നു ഹസം -رحمه الله- പറയുന്നു:

**ولا يحل أن يبنى على القبر، ولا أن يجصص، ولا أن يزاد على ترابه شيء، ويهدم كل ذلك**

**ഖബ്റിന്മേൽ കെട്ടി ഉയർത്തലും ,കുമ്മായം തേക്കലും ,ഖബ്ർ മൂടുമ്പോൾ അതിൽ നിന്ന് എടുത്ത മണ്ണിനേക്കാൾ വർദ്ധിപ്പിക്കലും അനുവദനീയമല്ല .അങ്ങനെയെല്ലാം നിർമിക്കപ്പെട്ടത് തകർക്കപ്പെടേണ്ടതാകുന്നു.**[38]

---

37. الزواجر عن اقتراف الكبائر٢٤٦
38. المحلى٣/٣٥٦

ഹി 456 ൽ മരണപ്പെട്ട ഇബ്നു ഹസം -رحمه الله- ഇത് പറയുന്നത് ഇബ്നു അബ്ദുൽ വഹാബിന്റെ ആശയങ്ങിൽ ആകൃഷ്ടനായിട്ടല്ല ,മറിച്ച് നബി ﷺ യുടെ ഹദീസുകളുടെ വെളിച്ചത്തിലാണ്.

ഇക്കാര്യം പ്രായോഗികമായി നടപ്പിലാക്കിയതിന് ചില ഉദാഹരണങ്ങൾ കാണുക:

- താബിഇയായ അബ്ദുല്ലാഹ് ബ്നു ശുറഹ്ബീൽ -رحمه الله- പറയുന്നു:

**رَأَيْتُ عُثْمَانَ بْنَ عَفَّانَ رَضِيَ اللَّهُ عَنْهُ يَأْمُرُ بِتَسْوِيَةِ الْقُبُورِ**

ഉസ്മാൻ -رضي الله عنه- ഖബ്റുകൾ നിരപ്പാക്കാൻ കൽപ്പിക്കുന്നത് ഞാൻ കണ്ടു.[39]

- ഹി 204 മരണപ്പെട്ട ഇമാം ശാഫിഇ -رحمه الله- യുടെ കാലത്ത് മക്കയിൽ കെട്ടി ഉയർത്തപ്പെട്ട ഖബ്റുകൾ ഭരണാധികാരികൾ ഫുഖഹാക്കളുടെ അനുവാദത്തോടെ പൊളിച്ചു നീക്കി.

ഇമാം ശാഫിഈ -رحمه الله- പറയുന്നു:

**ولم أر قبور المهاجرين والأنصار مجصصة، وقد رأيت من الولاة من يهدم بمكة ما يبنى فيها فلم أر الفقهاء يعيبون ذلك**

**സ്വഹാബികളായ മുഹാജിറുകളുടെയും അൻസ്വാരികളുടെയും ഖബ്റുകൾ കുമ്മായമിട്ടതായി ഞാൻ കണ്ടിട്ടില്ല .**
**മക്കയിൽ കെട്ടി ഉയർത്തപ്പെട്ട ഖബ്റുകൾ ഭരണാധികാരികൾ തകർക്കുന്നത് ഞാൻ കണ്ടിട്ടുണ്ട് .പണ്ഡിതന്മാർ അതിനെ ആക്ഷേപിക്കുന്നതായി ഞാൻ കണ്ടിട്ടില്ല .**[40]

---

[39]. أخرجه ابن أبي شيبة في مصنفه ١١٧٩٥ وابن شبَّة في تاريخ المدينة ٢/١٨١بإسناد صحيح

[40]. كتاب الأم١/٣١٦باب مايكون بعد الدفن.

- ഹ 236 ൽ ഖലീഫ അൽ മുതവക്കിൽ അൽ ഹുസൈന് ബ്നു അലി -رحمه الله- യുടെ ഖബറിന്റെ മുകളിൽ നിർമ്മിച്ചത് തകർത്തു.[41]

- കർമശാസ്ത്ര പണ്ഡിതനായ ഹി 250 ൽ മരണപ്പെട്ട അൽ ഹാരിസ് ബ്നു മിസ്കീൻ ഖാളിയായപ്പോൾ ഖബറുകൾക്കിടയിൽ നിർമിക്കപ്പെട്ട ഒരു മസ്ജിദ് തകർത്തു .[42]

- ശാഫിഈ പണ്ഡിതന്മാരായ ഹി 649 ൽ മരണപ്പെട്ട ബഹാഉദ്ധീൻ ഇബ്നുൽ ജുമൈസി യും ,അള്ളഹീർ അത്തസ്മൻത്തി യും മിസ്റിലെ അൽ ഖറാഫ എന്ന പൊതുമഖ്ബറയിൽ കെട്ടി ഉയർത്തിയവ പൊളിച്ച് നീക്കാൻ ഫത്വ പുറപ്പെടുവിച്ചു .[43]

- ഹി 660 ൽ മരണപ്പെട്ട പ്രശസ്ത ശാഫിഈ പണ്ഡിതൻ അൽ ഇസ്സ് ബ്നു അബ്ദുസ്സലാം -رحمه الله- യും അൽ ഖറാഫ മഖ്ബറയിലെ ഖബറുകൾ തകർക്കാൻ ഫത്വ നൽകി .[44]

ഹി 728 ൽ മരണപ്പെട്ട ഇബ്നു തൈമിയ്യയോ ,ഹി 1206 ൽ മരണപ്പെട്ട ഇബ്നു അബ്ദുൽ വഹാബോ -رحمهما الله- കൊണ്ടുവന്ന പുത്തൻ ആശയമല്ല മറിച്ച് വഹാബായ അല്ലാഹുവിന്റെ നിയമമാണെന്ന് ഇക്കാര്യങ്ങൾ ചിന്തിക്കുന്ന ആർക്കും ബോധ്യപ്പെടുന്ന കാര്യമാണ്.

ചുരുക്കത്തിൽ; യാതൊരു ന്യായീകരണത്തിനും നിലനിൽപ്പില്ലാത്ത വിധം വെക്തമായ കാര്യമാണ് ഒരു ചാണിലധികം ഖബർ കെട്ടി ഉയർത്തൽ നിശിദ്ധമാണെന്നത് .പണ്ഡിതന്മാർ ഇതിന് പറഞ്ഞിട്ടുള്ള കാരണങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം;

**1.** നബി ﷺ യുടെ വാചികമായ വിലക്ക്. നിരുപാധിക വിലക്ക് ഹറാമാണെന്ന് അറിയിക്കുന്നു.

---

41. البداية والنهاية ص ٣١٥/١٠

42. ترتيب المدارك وتقريب المسالك (٤/ ٣٦)

43. النجم الوهاج في شرح المنهاج (٣/١١١)

44. إعانة الطالبين لأبي بكر محمد شطا (٢/١٢٠)

**2.** കെട്ടി ഉയർത്തിയത് പൊളിക്കാനുള്ള നബി ﷺ യുടെ കൽപ്പന.

**3.** വിഗ്രഹാരാധകരോട് സാദൃശ്യപ്പെടലാണെന്നത് ഇമാം ഖുർത്വുബി രേഖപ്പെടുത്തി.

**4.** ക്രിസ്ത്യാനികളുടെ രീതിയാണതെന്ന് ഇമാം ലൈസ് ബ്നു സഅദ്رحمه الله പറഞ്ഞു.

നബി ﷺ പറഞ്ഞു:

مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ

**ഏതെങ്കിലും ഒരു സമൂഹത്തോട് സാദൃശ്യപ്പെട്ടവൻ അവരിൽ പ്പെട്ടവനാണ്.**[45]

**5.** ഇത് ശിർക്കിലേക്ക് നയിക്കുന്ന കാര്യമാണ്.

**6.** നബി ﷺ ക്കോ ,സ്വഹാബത്തിനോ പരിചയമില്ലാത്ത ബിദ്അത്താണ്. എല്ലാ ബിദ്അത്തുകളും വഴികേടാണ്.

**7.** ഇത് ദുൻയാവിന്റെ അലങ്കാരമാണ് .ഖബറുകൾ അതിനുള്ള സ്ഥലമല്ല.

**8.** മുസ്ലിമീങ്ങളുടെ പൊതു മഖ്ബറയിൽ ഇടുക്കമുണ്ടാക്കലാണ്.

അല്ലാഹു സത്യം മനസ്സിലാക്കാനുള്ള തൗഫീഖ് പ്രധാനം ചെയ്യട്ടെ.

---

[45]. رواه أبو داود من حديث ابن عمر (اللباس / 3512)

**അനുബന്ധം .1**

## ഇമാം നവവി -رحمه الله- യുടെ പ്രാർത്ഥന

ഇമാം നവവി -رحمه الله- ഒരിക്കൽ പ്രാർത്ഥിച്ചു:

اللَّهُمَّ أقم لدينك رجلاً يكسر العمود المخلّق، ويخرب القبر الذي في جيرون

**അല്ലാഹുവേ, അൽഅമൂദ് അൽമുഖല്ലഖ് (മിനുസപ്പെടുത്തപ്പെട്ട തൂണ് എന്നർത്ഥം) തകർക്കുകയും, ജൈറൂനിലെ ഖബ്ർ നശിപ്പിക്കുകയും ചെയ്യുന്ന ഒരാളെ ഞങ്ങളിൽ നീ ഏർപ്പാടാക്കണേ ...**

ഹി676 ലാണ് ഇമാം നവവി -رحمه الله- മരണപ്പെടുന്നത് .അന്ന് ഇബ്നു തൈമിയ്യ -رحمه الله- ക്ക് പ്രായം 15 വയസ്സ്.

കലർപ്പില്ലാത്ത അഹ്ലുസ്സുന്നയുടെ ആശയ പ്രചാരണത്തിനായി എതിർപ്പുകളും ഭീഷണികളും വകവെക്കാതെ നാവും പേനയുമുപയോഗിച്ചും ,സായുധ പോരാട്ടങ്ങളിൽ വരെ പങ്കെടുത്തും ധീരമായി പ്രയത്നിച്ച മഹാ പണ്ഡിതൻ .എട്ടാം നൂറ്റാണ്ടിന്റെ പരിഷ്കർത്താവ് . ശൈഖുൽ ഇസ്ലാം അഹ്മദ് ബ്നു അബ്ദിൽ ഹലീം ഇബ്നു തൈമിയ്യ-رحمه الله-

ആളുകൾക്കിടയിൽ പലതരത്തിലുള്ള വികലവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കേന്ദ്രമായിരുന്ന ദിമശ്ഖിലെ ആ തൂണിനെക്കുറിച്ച് ശൈഖിന് വിവരം കിട്ടി .അല്ലാഹുവിനോട് ഇസ്തിഖാറത്ത് നടത്തി പ്രസ്തുത തൂണ് തകർക്കാനായി അദ്ദേഹം പുറപ്പെട്ടു.

ശൈഖിന്റെ സഹോദരൻ ശറഫുദ്ദീൻ അബ്ദുല്ലാഹ് ബ്നു തൈമിയ്യ പറയുന്നു:

അങ്ങനെ ഞങ്ങളത് തകർക്കാനായി പുറപ്പെട്ടു .വലിയൊരു ജനക്കൂട്ടം തന്നെ ഞങ്ങളുടെ കൂടെക്കൂടി .ഈ വിവരം ജനങ്ങൾക്കിടയിൽ പ്രചരിച്ചപ്പോൾ നാട്ടിൽ പൈശാചികമായ പ്രചാരണങ്ങളുണ്ടായി ,ആളുകൾ വെപ്രാളപ്പെട്ടു കൊണ്ട് പലതും പറയാൻ തുടങ്ങി.

ഫൈജ അരുവിയിൽ ഇനി വെള്ളമുണ്ടാകില്ല ,...ഇനി ഇവിടെ മഴ പെയ്യുകയില്ല ,ഫലങ്ങൾ കായ്ക്കുകയില്ല ,...ഇത് ചെയ്താൽ ഇബ്നു തൈമിയ്യ പിന്നീട് ഒരു കാര്യത്തിലും വിജയം കാണുകയില്ല... അങ്ങനെ പലതും.

ഞങ്ങൾ തൂണിന്റെ അടുത്ത് എത്തിയപ്പോഴേക്കും ഇത് തകർക്കുന്നത് കൊണ്ട് വല്ല വിപത്തും ബാധിക്കുമോ ,അനുഗ്രഹങ്ങൾ തടയപ്പെടുമോ എന്നുള്ള ഭയം കാരണം ഞങ്ങളുടെ കൂടെ കൂടിയിരുന്നവരിൽ അധികപേരും മടങ്ങിയിരുന്നു.

ഞങ്ങളതിന്റെ അടുത്തേക്ക് ചെന്ന് അവിടെയുള്ള കൽപണിക്കാരോട് അത് തകർക്കാൻ ആവശ്യപ്പെട്ടു .അവരിലൊരാളും അതിന് ധൈര്യപ്പെടുന്നില്ല എന്ന് കണ്ടപ്പോൾ ഞാനും ശൈഖും അവരിൽ നിന്ന് കോടാലി വാങ്ങി .തൂണിൽ ആഞ്ഞു വെട്ടിക്കൊണ്ട് ഞങ്ങൾ പറഞ്ഞു:

جَآءَ لْحَقُّ وَزَهَقَ لْبَٰطِلُ إِنَّ لْبَٰطِلَ كَانَ زَهُوقًا

**സത്യം വന്നിരിക്കുന്നു .അസത്യം മാഞ്ഞുപോയിരിക്കുന്നു .തീർച്ചയായും അസത്യം മാഞ്ഞുപോകുന്നതാകുന്നു.**

ഇത് കാരണത്താൽ എന്ത് വിപത്ത് ആർക്ക് സംഭവിച്ചാലും ഞങ്ങൾ അതിന് പ്രായശ്ചിത്തം നൽകുമെന്നും ഞങ്ങൾ പറഞ്ഞു .അതോടുകൂടി ആളുകൾ ഞങ്ങളുടെ കൂടെക്കൂടി വെട്ടുകയും ,അങ്ങനെ ഞങ്ങളത് പൂർണമായും തകർക്കുകയും ചെയ്തു ,തൂണിന്റെ പിറകിൽ നിന്നും ഒന്നര ചാണോളം മാത്രം വലിപ്പം വരുന്ന ചെറിയ രണ്ട് വിഗ്രഹങ്ങൾ ഞങ്ങൾ കണ്ടെത്തി....

....ശേഷം ഇത് കാരണം നന്മയല്ലാതെ ജനങ്ങൾക്ക് ഉണ്ടായിട്ടില്ല . അല്ലാഹുവിനാണ് സർവ്വസ്തുതികളും.

يحكيها الشيخ إبراهيم بن أحمد الغياني رحمه الله(ت-741)

انظر كتاب الجامع لسيرة شيخ الإسلام ابن تيمية (ص- ٨٠،٨١)

അനുബന്ധം .2

# ഖബ്റുമായി ബന്ധപ്പെട്ട ആചാരങ്ങൾ; ഒരു താരതമ്യം

- ഇബ്നുൽ ഖയ്യിം -رحمه الله-

ഖബ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ നബി ﷺ യുടെ ചര്യയും ,അവിടുത്തെ കൽപനകളും വിലക്കുകളും ,സ്വഹാബത്തിന്റെ നിലപാടും ,ഇന്നത്തെ ബഹുഭൂരിപക്ഷം ആളുകളുടെ പ്രവർത്തിയുമായി ചേർത്ത് വെച്ച് നോക്കിയാൽ അവ രണ്ടും നേർവിപരീതമാണെന്നും ,ഒരിക്കലും ഒരുമിച്ച് കൂടാൻ പറ്റാത്ത വിധം പരസ്പര വിരുദ്ധമാണെന്നും കാണാൻ കഴിയും

1. നബി ﷺ ഖബറിലേക്ക് തിരിഞ്ഞു നിസ്കരിക്കുന്നതിനെ വിലക്കി . ഇവരാകട്ടെ ഖബ്റിന്റെ അടുക്കൽ അതിലേക്കു തിരിഞ്ഞു നിസ്കരിക്കുന്നു.

2. ഖബ്റുകളെ മസ്ജിദുകളാക്കുന്നതിനെ റസൂൽ ﷺ വിലക്കി .ഇവരാകട്ടെ ഖബ്റുകൾക്കുമേൽ പള്ളികൾ നിർമ്മിക്കുകയും ,പള്ളികളോട് സാദൃശ്യമാകുന്ന രൂപത്തിൽ' സന്ദർശന കേന്ദ്രങ്ങൾ 'എന്ന് നാമകരണം ചെയ്യുകയും ചെയ്യുന്നു .

3. ഖബ്റുകൾക്കുമേൽ വിളക്ക് കത്തിക്കുന്നതിനെ റസൂൽ ﷺ വിലക്കി .ഇവരാകട്ടെ ഖബ്റിന്മേൽ വിളക്ക് കത്തിച്ചു വെക്കാനായി സ്വത്ത് വഖ്ഫ് ചെയ്യുക പോലും ചെയ്യുന്നു .

4. ഖബ്റുകളെ ആഘോഷ കേന്ദ്രങ്ങളാക്കുന്നതിനെ റസൂൽ ﷺ വിലക്കി .ഇവരതിനെ ആഘോഷ കേന്ദ്രങ്ങളും ,തീർത്ഥാടന സ്ഥലങ്ങളുമാക്കുകയും ,പെരുന്നാളിന് ഒരുമിച്ചു കൂടുന്നത് പോലെ അല്ലെങ്കിൽ അതിനേക്കാൾ ഉശാറായി ഇതിനായി ഒരുമിച്ചു കൂടുകയും ചെയ്യുന്നു .

5. റസൂൽ ഖബ്റുകൾ നിരപ്പാക്കാൻ കൽപ്പിച്ചു .ഇമാം മുസ്ലിം -رحمه الله- തന്റെ സ്വഹീഹിൽ അലിയ്യു ബ്നു അബീത്വാലിബ് -رضي الله عنه- അബുൽ ഹയ്യാജ് അൽഅസദിയോട് പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു:

أَلا أَبْعَثُكَ عَلَى مَا بَعَثَنِي عليهِ رَسُولُ ﷺ : «أَنْ لا تَدَعَ تِمْثَالًا إِلا طَمَسْتَهُ، وَلا قَبْرًا مُشْرِفًا إِلا سَوَّيْتَه

**"റസൂൽ ﷺ എന്നെ നിയോഗിച്ച കാര്യത്തിന് ഞാൻ നിന്നെ നിയോഗിക്കട്ടെ .ഒരു രൂപവും നീ ചീന്തിക്കളയാതെ വിടരുത് ,ഉയർന്നു നിൽക്കുന്ന ഒരു ഖബ്റും നീ നിരപ്പാക്കാതെയും വിടരുത്"**

ഇമാം മുസ്ലിമിന്റെ സ്വഹീഹിൽ തന്നെ സുമാമത്ത് ബ്നു ശുഫയ്യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു .അദ്ദേഹം പറഞ്ഞു:

**كُنَّا مَعَ فَضَالَةَ بْنِ عُبَيْدٍ بِأَرْضِ الرُّومِ بِرُودِسَ، فَتُوُفِّيَ صَاحِبٌ لَنَا، فَأَمَرَ فَضَالَةُ بْنُ عُبَيْدٍ بِقَبْرِهِ فَسُوِّيَ، ثُمَّ قَالَ: «سَمِعْتُ رَسُولَ اللَّهِ ﷺ يَأْمُرُ بِتَسْوِيَتِهَا**

**"ഞങ്ങൾ റോമിലെ റൂദിസിൽ ഫളാലത്ത് ബ്നു ഉബൈദ്** -رضي الله عنه- **വിന്റെ അടുക്കലായിരുന്നു .അങ്ങനെയിരിക്കെ ഞങ്ങളുടെ ഒരു കൂട്ടുകാരൻ മരണപ്പെട്ടു .അപ്പോൾ അദ്ദേഹത്തിന്റെ ഖബ്ർ നിരപ്പാക്കാൻ ഫളാലത്ത് ബ്നു ഉബൈദ്** -رضي الله عنه- **കൽപിക്കുകയും ,അങ്ങനെ നിരപ്പാക്കുകയും ചെയ്തു .എന്നിട്ടദ്ദേഹം പറഞ്ഞു :റസൂൽ ﷺ ഖബ്ർ നിരപ്പാക്കാൻ കൽപ്പിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്"**

ഇന്നത്തെ ആളുകൾ ഈ രണ്ട് ഹദീസുകൾക്കും എതിര് പ്രവർത്തിക്കുന്ന കാര്യത്തിൽ അങ്ങേയറ്റം അതിരുകവിഞ്ഞിരിക്കുന്നു .അവർ ഖബ്റുകൾ വീടുകൾ പോലെ ഉയർത്തുകയും ,അതിന്മേൽ ഖുബ്ബകൾ നിർമ്മിക്കുകയും ചെയ്യുന്നു .

6. ഖബ്റുകൾ കുമ്മായം ഇടുന്നതും ,അതിന്മേൽ കെട്ടിയുയർത്തുന്നതും നബി ﷺ നിരോധിച്ചു.

ജാബിർ -رضي الله عنه- പറഞ്ഞതായി ഇമാം മുസ്ലിം തന്റെ സ്വഹീഹിൽ ഉദ്ധരിക്കുന്നു:

**نَهَى رَسُولُ اللهِ ﷺ عَنْ تَجْصِيصِ الْقَبْرِ، وَأَنْ يُقْعَدَ عَلَيْهِ، وَأَنْ يُبْنَى عَلَيْه**

**"ഖബ്റുകൾ കുമ്മായം ഇടുന്നതും, അതിന്മേൽ ഇരിക്കുന്നതും, അതിന്മേൽ കെട്ടി ഉയർത്തുന്നതും റസൂൽ ﷺ വിലക്കി "**

7. ഖബ്റിന്മേൽ എഴുതുന്നതും റസൂൽ ﷺ വിലക്കി .

ജാബിർ -رضي الله عنه- വിൽ നിന്നും ഇമാം തിർമിദിയും അബൂദാവൂദും തങ്ങളുടെ സുനനുകളിൽ ഉദ്ധരിക്കുന്നു.

**" نَهَى أنْ تُجَصَّصَ الْقُبُورُ، وَأَنْ يُكْتَبَ عَلَيْهَا " قال الترمذي: حديثٌ حسنٌ صحيح.**

**"ഖബ്റുകൾ കുമ്മായം ഇടുന്നതും അതിന്മേൽ എഴുതുന്നതും റസൂൽ ﷺ വിലക്കി"**

ഈ കൂട്ടരാകട്ടെ ഖബ്റിന്മേൽ ബോർഡുകൾ സ്ഥാപിക്കുകയും ,അതിന്മേൽ ഖുർആനും മറ്റും എഴുതുകയും ചെയ്യുന്നു .

8. ഖബ്റിൽ നിന്ന് എടുത്തതിലധികം മണ്ണ് കൂടുതൽ ഇടുന്നതും വിലക്കപ്പെട്ടതാണ്.

അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്ന ജാബിർ -رضي الله عنه- വിന്റെ ഹദീസിൽ ഇപ്രകാരം കാണാം:

**أنَّ رسول الله ﷺ: نَهَى أَنْ يُجَصَّصَ الْقَبْر، أَوْ يُكْتَبَ عَلَيْهِ، أَوْ يُزَادَ عَلَيْهِ**

**"ഖബ്റുകൾ കുമ്മായം ഇടുന്നതും ,അതിന്മേൽ എഴുതുന്നതും ,അതിൽ വർദ്ധിപ്പിക്കുന്നതും റസൂൽ ﷺ വിലക്കി"**

ഇവരാകട്ടെ ഖബ്റിൽ നിന്നെടുത്ത മണ്ണിന് പുറമേ കല്ലുകളും ഇഷ്ടികകളും കുമ്മായവുമെല്ലാം വർദ്ധിപ്പിക്കുന്നു.

ഉമറുബ്നു അബ്ദിൽ അസീസ് -رحمه الله- ഖബ്റിന്മേൽ ഇഷ്ടികകൊണ്ട് കെട്ടി ഉയർത്തുന്നത് വിലക്കുകയും ,തന്റെ ഖബ്റിന്മേൽ അങ്ങനെ ചെയ്യരുതെന്ന് വസ്വിയ്യത്ത് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇബ്രാഹിം അന്നഖഈ -رحمه الله- പറഞ്ഞു" :ഖബ്റിന്മേൽ ഇഷ്ടിക വെക്കുന്നതിനെ അവർ (മുൻഗാമികൾ) വെറുക്കാറുണ്ടായിരുന്നു"

അബൂഹുറൈറ -رضي الله عنه- തനിക്ക് മരണം ആസന്നമായപ്പോൾ തന്റെ ഖബറിന്മേൽ കൂടാരം കെട്ടരുത് എന്ന് വസ്വിയ്യത്ത് ചെയ്തു .ഖബറിന്മേൽ കൂടാരം കെട്ടുന്നത് ഇമാം അഹ്മദ് കറാഹത്തായി കണ്ടിരുന്നു.

ഇത്രയും വിവരിച്ചതിന്റെ ഉദ്ദേശ്യം:

ഖബ്റിനെ മഹത്വവത്കരിച്ചുകൊണ്ട് അവയെ ആഘോഷസ്ഥലമാക്കി മാറ്റുകയും ,അതിന്മേൽ വിളക്കുകൾ കത്തിക്കുകയും ,ആരാധനാലയങ്ങളും ഖുബ്ബകളും നിർമ്മിക്കുകയും ചെയ്യുന്നവർ റസൂൽ ﷺ യുടെ കൽപനയെ ലംഘിച്ചവരും റസൂൽ ﷺ പഠിപ്പിച്ചതിന് എതിര് പ്രവർത്തിച്ചവരുമാണ്.

ഇതിൽ ഏറ്റവും ഗുരുതരം ഖബ്റുകൾ സുജൂദിന്റെ കേന്ദ്രങ്ങളാക്കുന്നതും ,അതിന്മേൽ വിളക്ക് കത്തിക്കുന്നതുമാണ് .അത് രണ്ടും വൻപാപങ്ങളിൽ പെട്ടതാണ് .

- إغاثة اللهفان من مصايد الشيطان 【١ /٣٥٣-٣٥٦】 -